**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2786** **22-01-2021 - ൽ മറുപടിയ്ക്ക്**

**തണ്ണീർത്തടങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ തണ്ണീർതടങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിനകത്തു വരുന്ന തണ്ണീർതടങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണത്തിനായി ഹരിതകേരളം ശീർഷകത്തിൽ അനുവദിച്ച തുക വിനിയോഗിച്ച് ചിറയിൽക്കുളം, വേളൂർക്കുളം , തണ്ണിക്കുളം , കിടങ്ങയിൽ പുത്തൻകുളം , ആര്യൻ പാടൻ ചാൽ, കുനൽ ചാൽ തുടങ്ങിയവയുടെ പുനരുദ്ധാരണം ലക്ഷ്യമിട്ടുള്ള പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ഇവ പുരോഗതിയിലാണ്. |
| (ബി) | പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി കരുനാഗപ്പള്ളി മണ്ഡലത്തിലെ പൊതുകുളങ്ങളെ സംബന്ധിച്ച സ്ഥിതി വിവര കണക്ക് ശേഖരണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 6-ാമത് മൈനർ ഇറിഗേഷൻ സെൻസസ്സിന്റെയും, വാട്ടർ ബോഡി സെൻസസ്സിന്റെയും ഭാഗമായി കരുനാഗപ്പള്ളി മണ്ഡലത്തിനകത്തു വരുന്ന എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പരിധിയിൽ വരുന്ന പൊതുകുളങ്ങൾ സംബന്ധിച്ച സ്ഥിതിവിവരക്കണക്ക് ശേഖരിക്കുന്നുണ്ട്. കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി, തഴവ, ഓച്ചിറ , ആലപ്പാട്, കുലശേഖരപുരം ഗ്രാമ പഞ്ചായത്തുകളിലെ വിവരശേഖരണം പൂർത്തിയാവുകയും തൊടിയൂർ ,ക്ലാപ്പന ഗ്രാമ പഞ്ചായത്തുകളിലെ വിവരശേഖരണം പുരോഗമിച്ചും വരുന്നു. |
| (സി) | സി.ഡബ്ല്യൂ.ആർ.ഡി.എം. തയ്യാറാക്കിയിട്ടുള്ള മാനേജ്മെന്റ് ആക്ഷൻ പ്ലാൻ അനുസരിച്ചുള്ള ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (സി) | കൊല്ലം ജില്ലയിൽ വരുന്ന 2 റാംസർ സൈറ്റുകളായ ശാസ്താംകോട്ട , അഷ്ടമുടി കൂടാതെ വേമ്പനാട് എന്നിവയുമായി ബന്ധപ്പെട്ട് 5 വർഷത്തെ മാനേജ്മെന്റ് ആക്ഷൻ പ്ലാൻ സി.ഡബ്ല്യൂ. ആർ. ഡി. എം Wetland International South Asia (WISA) യും ചേർന്ന് തയ്യാറാക്കിയിട്ടുണ്ട്. ആയത് കേന്ദ്ര സഹായത്തിനായി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായത്തിന്റെ ആദ്യ വർഷ ഗഡുവായി 345.13 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ നിന്നും 50% തുകയായ172 ലക്ഷം രൂപയാണ് അതോറിറ്റിക്ക് |

| | | | |
|---|---|---|---|
| | | | ലഭ്യമായത്. പ്രസ്തുത തുക മാനേജ്മെന്റ് ആക്ഷൻ പ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള വിവിധ ഘടകങ്ങൾ നടപ്പാക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | കരുനാഗപ്പള്ളി മണ്ഡലത്തിലെ ഏതെല്ലാം പൊതുകിണറുകൾ മെച്ചപ്പെടുത്തി കുടിവെള്ള ജല സ്രോതസ്സുകളായി മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ? | (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് പൊതു കിണറുകൾ ശുചീകരിക്കുന്ന പ്രവൃത്തി നിർവഹിച്ചുവരുന്നത്. കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൻ ഉൾപ്പെട്ട പൊതുകിണറുകൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ജലവിഭവ വകുപ്പ് നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ